# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2358</u> — <u>18.06.2014 ൽ മറുപടിക്ക്</u>

## <u>കൽപ്പറ്റ ജനറൽ ആശുപത്രിയുടെ ശോച്യാവസ്ഥ</u>

| <u>ചോദ്യം</u><br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | <u>ഉത്തരം</u><br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൽപ്പറ്റ ജനറൽ ആശുപത്രിയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൽപ്പറ്റ ജനറൽ ആശുപത്രിയിലെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി പുതിയ കെട്ടിടങ്ങളുടെ പണികൾ പൂർത്തിയായി വരുന്നു. പൂർത്തിയായാലുടൻ ആശുപത്രിയിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിച്ച് ഇത് പൂർണ്ണമായും ഉപയോഗപ്രദമാക്കാവുന്നതാണ്. കൂടാതെ അത്യാവശ്യം വേണ്ടതായ തസ്തികകൾ സൃഷ്ടിക്കാൻ വേണ്ടിയുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ആശുപത്രിയിൽ ആവശ്യത്തിനു ഡോക്ടർമാരില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൽപ്പറ്റ ജനറൽ ആശുപത്രിയിൽ താഴെക്കാണുന്ന ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>മെഡിസിൻ-കൺസൾട്ടന്റ് -1<br>മെഡിസിൻ ജൂനിയർ കൺസൾട്ടന്റ് -1<br>സർജറി ജൂനിയർ കൺസൾട്ടന്റ് -1<br>ഗൈനക്കോളജി - ജൂനിയർ കൺസൾട്ടന്റ് -1<br>അനസ്തേഷ്യ-ജൂനിയർ കൺസൾട്ടന്റ് -1<br>പീഡിയാട്രിക്സ്-ജൂനിയർ കൺസൾട്ടന്റ് -1<br>സൂപ്രണ്ട് -1<br>അസിസ്റ്റന്റ് സർജൻ/ആർ.എം.ഒ -1<br><u>ഇതിൽ താഴെക്കാണുന്ന ഒഴിവുകൾ നിലവിലുണ്ട്</u><br>മെഡിക്കൽ കൺസൾട്ടന്റ് (മെഡിസിൻ) -1<br>ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ) -1<br>സർജറി-ജൂനിയർ കൺസൾട്ടന്റ് -1<br>ഗൈനക്കോളജി - ജൂനിയർ കൺസൾട്ടന്റ് -1<br>പ്രസ്തുത ഒഴിവുകളിലേക്ക് അഡ്ഹോക്ക് നിയമനത്തിലൂടെ 2 പേരെയും |

| | | | |
|---|---|---|---|
| | | | എൻ.ആർ.എച്ച്.എം മുഖാന്തിരം 2 പേരെയും, ആഴ്ചയിൽ മൂന്ന് ദിവസത്തേക്ക് മറ്റൊരു ഡോക്ടറേയും വയനാട് ജില്ലാ മെഡിക്കൽ ആഫീസർ നിയമിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ ഒഴിവുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവിലേക്ക് പി.ജി യോഗ്യതയുള്ള അസിസ്റ്റന്റ് സർജൻമാർക്ക് സ്പെഷ്യാലിറ്റി കേഡറിൽ നിയമനം നൽകുന്ന സമയത്ത് പ്രസ്തുത ഒഴിവുകൾ കൂടി നികത്തുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (സി) | കൽപ്പറ്റ ജനറൽ ആശുപത്രിയിൽ സ്പെഷ്യലിസ്റ്റ് ഉൾപ്പെടെയുള്ള ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | നിലവിൽ ഒഴിവുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ നികത്തുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്. ആരോഗ്യ വകുപ്പിൻ കീഴിൽ ജോലി ചെയ്യുന്ന പി.ജി യോഗ്യതയുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡറിലെ തസ്തികകളിലേക്ക് നിയമനം നൽകുന്ന സമയത്ത് പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ